## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3268** **25-10-2021 - ൽ മറുപടിയ്ക്ക്**

## പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പി. ചന്ദ്രമോഹൻ ദാസിന് തുക അനുവദിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ചിറ്റിശ്ശേരി നിവാസിയും ഓട്ട് കമ്പനി തൊഴിലാളിയുമായ പി. ചന്ദ്രമോഹൻദാസ് ഇ.എസ്.ഐ വഴി 28.10.2019 മുതൽ പെരിറ്റോണിയൽ ഡയാലിസീസ് നടത്തി വരുന്ന ടിയാന് 7.5 ശതമാനത്തിന്റെ ഫ്ലൂയിഡ് ഇ.എസ്.ഐ. ലിസ്റ്റിൽ ഉൾപ്പെട്ടില്ല എന്ന കാരണത്താൽ തുക അനുവദിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഒല്ലൂർ ഇ.എസ്.ഐ ഡിസ്പെൻസറിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഇൻഷ്വേർഡ് പേഴ്സണായ ശ്രീ.പി.ചന്ദ്രമോഹൻ ദാസിന് (ഐ.പി. നം.5401119276) പെരിറ്റോണിയൽ ഡയാലിസിസ് ഫ്ലൂയിഡ് 7.5% റേറ്റ് കോൺട്രാക്റ്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന കാരണത്താൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിം അനുവദിക്കാത്ത സാഹചര്യം ഉണ്ടായിട്ടില്ല. |
| (ബി) | മരുന്നിനായി മാസം അമ്പതിനായിരം രൂപ ചെലവ് വരുന്ന ചന്ദ്രമോഹൻ ദാസിന് ജീവൻ നിലനിർത്തുന്നതിനായി പെരിറ്റോണിയൽ ഡയാലിസീസിന്റെ 7.5 ശതമാനത്തിന്റെ ഫ്ളൂയ്ഡ് ഇ.എസ്.ഐ. ലിസ്റ്റിൽ ഉൾപ്പെടുത്തി ടിയാൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയിലെ ബിൽ തുക അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ശ്രീ.പി.ചന്ദ്രമോഹൻ ദാസ് ഒല്ലൂർ ഇ.എസ്.ഐ ഡിസ്പെൻസറി വഴി സമർപ്പിച്ച 2020-ലെ എല്ലാ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകളും അനുവദിച്ചിട്ടുണ്ട്. 2021 വർഷത്തിൽ ലഭിച്ച 8 ക്ലെയിമുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ